# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ

ചോദ്യം നമ്പർ: 2218 12/02/2013 – ൽ മറുപടിയ്ക്ക്

### ആലപ്പുഴ സബ് ജയിലിന് പുതിയ കെട്ടിടം നിർമ്മിക്കാൻ നടപടി

ചോദ്യം

ശ്രീ. ജി. സുധാകരൻ

മറുപടി

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
( ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി)

| | |
|---|---|
| (എ) ആലപ്പുഴ സബ് ജയിൽ കാലപ്പഴക്കം കൊണ്ട് ജീർണ്ണാവസ്ഥയിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ഉണ്ട്. |
| (ബി) ഇവിടെ പോലീസ് വകുപ്പിന്റെ കീഴിലുള്ള സ്ഥലം പുതിയ ജയിൽ കെട്ടിടം നിർമ്മിക്കുവാൻ ജയിൽ വകുപ്പിന് വിട്ടുനൽകാൻ നടപടി സ്വീകരിക്കാമോ ; | (ബി) പോലീസ് വകുപ്പിന് കീഴിലുള്ള സ്ഥലം ആലപ്പുഴ സ്പെഷ്യൽ സബ് ജയിൽ മാറ്റി സ്ഥാപിക്കുന്നതിനായി വിട്ടുനൽകുവാനാകില്ല എന്ന് പോലീസ് അധികാരികൾ അറിയിച്ചിട്ടുണ്ട്. |
| (സി) ഇതു സംബന്ധിച്ച് അമ്പലപ്പുഴ എം. എൽ. എ നൽകിയ നിവേദനം പരിഗണനയിൽ ഉണ്ടോ ; | (സി) നിരന്തരമായ അന്വേഷണത്തിന്റെ ഭാഗമായി ആലപ്പുഴ ജില്ലയിൽ അമ്പലപ്പുഴ താലൂക്കിൽ പുറക്കാട് വില്ലേജിൽ റീസർവ്വേ 281/1 ൽ 2 ഹെക്ടർ 46 സ്ക്വയർ മീറ്റർ സ്ഥലം കണ്ടെത്തിയിട്ടുണ്ട്. |
| (ഡി) പോലീസ് വകുപ്പിന്റെ സ്ഥലം ജയിൽ വകുപ്പിന് ലഭ്യമാക്കാൻ തടസ്സമുണ്ടെങ്കിൽ, നിലവിലുള്ള പഴയ ജയിൽ കെട്ടിടം പൊളിച്ച് പുതിയ കെട്ടിടം നിർമ്മിക്കാനാവശ്യമായ തുക ഈ സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വകയിരുത്താൻ നടപടി സ്വീകരിക്കുമോ ; | (ഡി) സ്ഥല ലഭ്യത ഉറപ്പായശേഷം തുക വകയിരുത്തുന്ന കാര്യം പരിഗണിക്കാവുന്നതാണ്. |

| | |
|---|---|
| (ഇ) എം. എൽ. എ യുടെ നിയോജകമണ്ഡലം വികസന പദ്ധതിയിൽ നിന്നും ആവശ്യമായ ഫണ്ട് നൽകിയാൽ കെട്ടിടം നിർമ്മിക്കാമോ ; എത്ര തുക വേണ്ടി വരുമെന്ന് അറിയിക്കാമോ ; | (ഇ) ആലപ്പുഴ സ്പെഷ്യൽ സബ് ജയിൽ മാറ്റി സ്ഥാപിക്കുന്നതിന് അനുയോജ്യമായ സ്ഥലം കണ്ടെത്തുകയും, എം.എൽ. എ ഫണ്ടിൽ നിന്നും തുക അനുവദിച്ച് കിട്ടുകയുമാണെങ്കിൽ കെട്ടിടം നിർമ്മിക്കുന്ന കാര്യം പരിശോധിക്കാവുന്നതാണ്. ഏകദേശം 5 കോടി രൂപ വേണ്ടിവരും. |
| (എഫ്) ജയിൽ മുറികളിൽ എം. എൽ. എ ഫണ്ടിൽ നിന്നും ടെലിവിഷൻ വാങ്ങി സ്ഥാപിക്കുവാൻ ജയിൽ വകുപ്പ് അനുമതി നൽകുമോ ? | (എഫ്) എം. എൽ. എ ഫണ്ടിൽ നിന്നും തുക അനുവദിക്കുകയാണെങ്കിൽ എം. എൽ. എ യുടെ നിയോജക മണ്ഡലത്തിനു കീഴിലുള്ള ജയിലിലെ മുറികളിൽ ടെലിവിഷൻ വാങ്ങി സ്ഥാപിക്കുന്ന കാര്യം പരിശോധിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ